# പതിനാലാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1966 05/10/2016 -ൽ മറുപടിക്ക്

## ജിഡ ഫണ്ട് ശുദ്ധജല വിതരണ പദ്ധതി

| ചോദ്യം | | മറുപടി | |
|---|---|---|---|
| | ശ്രീ. എസ്.ശർമ്മ | | മാത്യു ടി.തോമസ്<br>(ജലവിഭവ വകുപ്പുമന്ത്രി) |
| (എ) | ജിഡ ഫണ്ട് വിനിയോഗിച്ച് വൈപ്പിൻ നിയോജകമണ്ഡലത്തിൽ നടപ്പാക്കി വരുന്ന ശുദ്ധജല വിതരണ പദ്ധതിയുടെ ഭാഗമായി എത്ര ശുദ്ധജല ടാങ്കുകളുടെ നിർമ്മാണമാണ് പൂർത്തീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; | (എ) | ചുവടെ കാണുന്ന 4 ശുദ്ധജല ടാങ്കുകളുടെ നിർമ്മാണം പൂർത്തീകരിച്ചു.<br>1. മാലിപ്പുറം ടാങ്ക്<br>2. കോതാട് ടാങ്ക്<br>3. പാലിയംതുരുത്ത് ടാങ്ക്<br>4. എടവനക്കാട് ടാങ്ക് |
| (ബി) | ഇനിയും പൂർത്തീകരിക്കാനുള്ളവ ഏതൊക്കെയെന്നും എന്നത്തേക്ക് പൂർത്തീകരിക്കാനാകുമെന്നും വ്യക്തമാക്കാമോ; | (ബി) | പൂർത്തീകരിക്കാനുള്ള ടാങ്കുകൾ<br>1. ഞാറയ്ക്കലിലെ 17.90 ലക്ഷം ലിറ്റർ ശേഷിയുള്ള ടാങ്ക്<br>2. മുരിക്കുംപാടത്തെ 11.80 ലക്ഷം ലിറ്റർ ശേഷിയുള്ള ടാങ്ക്<br>3. പിഴലയിലെ 2 ലക്ഷം ലിറ്റർ ശേഷിയുള്ള ടാങ്ക്.<br>ഇവയുടെ പണികൾ 2017 മാർച്ചിൽ പൂർത്തീകരിക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. |
| (സി) | നിർമ്മാണം പൂർത്തീകരിച്ച ശുദ്ധജല ടാങ്കുകളുടെ കമ്മീഷനിങ്ങ് വൈകുന്നത് എന്തുകൊണ്ടാണെന്നും എന്നത്തേക്ക് കമ്മീഷൻ ചെയ്യാനാകുമെന്നും വ്യക്തമാക്കാമോ; | (സി) & (ഡി) | നിർമ്മാണം പൂർത്തീകരിച്ച നാല് ടാങ്കുകളിൽ കോതാട്, എടവനക്കാട് എന്നീ രണ്ട് ടാങ്കുകൾ കമ്മീഷൻ ചെയ്തിട്ടുണ്ട്. എന്നാൽ മാലിപ്പുറം, പാലിയംതുരുത്ത് എന്നീ ടാങ്കുകൾ കമ്മീഷൻ ചെയ്തിട്ടില്ല.<br>മാലിപ്പുറം ടാങ്കിന്റെയും അതിലേക്കുള്ള പമ്പിംഗ് മെയിനിന്റെയും അറ്റകുറ്റപ്പണികൾ പൂർത്തീകരിക്കാൻ നടപടികൾ എടുത്തുവരുന്നുണ്ട്. എന്നാൽ ഇപ്പോൾ പണി നടന്നുകൊണ്ടിരിക്കുന്ന മുരിക്കുംപാടം, ഞാറയ്ക്കൽ ടാങ്കുകളുടെ പണികളും കൂടി |
| (ഡി) | ഇക്കാര്യത്തിൽ തടസ്സങ്ങളുണ്ടെങ്കിൽ വിശദമാക്കാമോ? | | |

പൂർത്തീകരിച്ചാൽ മാത്രമേ മാലിപ്പുറം ടാങ്ക് പൂർണ്ണതോതിൽ കമ്മീഷൻ ചെയ്യാൻ സാധിക്കുകയുള്ളൂ. ടി ടാങ്കുകളുടെ പണി തീരുന്ന മുറയ്ക്ക് മൂന്നു ടാങ്കുകളും (മാലിപ്പുറം, മുരിക്കുംപാടം, ഞാറയ്ക്കൽ) ഒന്നിച്ച് കമ്മീഷൻ ചെയ്യാൻ സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു. പാലിയം തുരുത്ത് ടാങ്ക് വെള്ളം കയറ്റി ടെസ്റ്റ് ലോഡ് ചെയ്ത് ഇട്ടിരിക്കുകയാണ്. നിലവിലുള്ള വിതരണ ശൃംഖലയുമായി ബന്ധിപ്പിച്ച് ചാർജ്ജ് ചെയ്യുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു. നവംബർ 30-നകം വിതരണ ശൃംഖലയുമായി ബന്ധിപ്പിച്ച് പാലിയംതുരുത്ത് ടാങ്ക് കമ്മീഷൻ ചെയ്യാൻ സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

സെക്ഷൻ ഓഫീസർ

JSK/